# കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
**തിരുവനന്തപുരം**

## ഏഴാംതരം തുല്യതാപരീക്ഷ (17 –ാം ബാച്ച്) 2024
**ചോദ്യപേപ്പർ**

# ഗണിതം

**സമയം : 2 മണിക്കൂർ** | **ആകെ മാർക്ക്: 100**

---

**പൊതുനിർദേശങ്ങൾ**

1. ആദ്യത്തെ 10 മിനിറ്റ് എല്ലാ ചോദ്യങ്ങളും നന്നായി വായിച്ച് മനസ്സിലാക്കുക.
2. ചോദ്യനിർദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.
3. ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.
4. ചോദ്യനമ്പർ തെറ്റാതെ ഉത്തരമെഴുതുക.

---

I ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക $10 \times 2 = 20$

1. 365 നോട് ഏതു സംഖ്യ കൂട്ടിയാൽ 1000 ആകും?
   എ) 745 ബി) 635 സി) 645 ഡി) 735
2. 12 ന്റെയും 18 ന്റെയും വലിയ പൊതുഘടകം ഏതാണ്?
   എ) 6 ബി) 3 സി) 4 ഡി) 12
3. രേഖീയ ജോടിയിലെ കോണുകളുടെ തുക?
   എ) $90^0$ ബി) $180^0$ സി) $270^0$ ഡി) $360^0$
4. 2, 6, 8, 10 ഇവയുടെ ശരാശരി?
   എ) 6 ബി) 8 സി) 7 ഡി) 6.5
5. ചതുരാകൃതിയായ ഒരു കൃഷിസ്ഥലത്തിന്റെ ചുറ്റളവ് 40 മീറ്റർ. ഇതിന്റെ നീളം 15 മീറ്റർ ആണെങ്കിൽ വീതിയെന്താകും?
   എ) 25 മീ ബി) 25 സെ.മീ സി) 5 മീ ഡി) 5 സെ.മീ
6. 15.20 മീറ്റർ എന്നാൽ 15 മീറ്ററും ———— സെന്റീമീറ്ററുമാണ്.
   എ) 2 ബി) 20 സി) 0.20 ഡി) 0.02
7. $\frac{3}{4}, \frac{4}{5}, \frac{5}{6}$ ഇവയിൽ വലുതേത്?
   എ) $\frac{3}{4}$ ബി) $\frac{4}{5}$ സി) $\frac{5}{6}$ ഡി) എല്ലാം തുല്യം
8. ഒരു സംഖ്യയുടെ 25%, 20 ആണെങ്കിൽ സംഖ്യയേത്?
   എ) 25 ബി) 100 സി) 80 ഡി) 8
9. $\sqrt{3600}$ =
   എ) 60 ബി) 10 സി) 6 ഡി) 36
10. ഒരു സംഖ്യയിൽനിന്നും മറ്റൊരു സംഖ്യ കുറച്ചത് അക്ഷരമുപയോഗിച്ചെഴുതിയാൽ
    എ) $x/y$ ബി) $x - y$ സി) $-x$ ഡി) $1 - x$

II വിട്ടുപോയ ഭാഗം പൂരിപ്പിക്കുക 5×2 = 10

11. ഒരു സംഖ്യയുടെ 12 മടങ്ങിൽനിന്ന് 5 കുറച്ചത് ————

12. $2^2$ ന്റെ ഇരട്ടിയാണ് ————

13. $\frac{1}{4}$ ന്റെ $\frac{1}{2}$ ഭാഗമാണ് ————

14. എണ്ണൽസംഖ്യയും ഭിന്നസംഖ്യയും ചേർന്ന രീതിയിൽ $\frac{11}{8}$ എഴുതിയാൽ ————

15. 3, 5 ഇവയുടെ പൊതുഗുണിതമാണ് ————

III ചേരുംപടി ചേർക്കുക 5×2 = 10

| | എ | ബി |
|---|---|---|
| 16. | രണ്ടു വരകൾ പരസ്പരം മുറിച്ചു കടക്കുമ്പോൾ ഒരു വശത്തെ കോൺ $60^0$ ആണെങ്കിൽ എതിർവശത്തെ കോൺ എത്ര ഡിഗ്രിയായിരിക്കും. | 32 |
| 17. | ഒരു സംഖ്യയെ 4 കൊണ്ട് ഹരിച്ചപ്പോൾ ഹരണഫലം 8 ഉം ശിഷ്ടം 3 ഉം ആണെങ്കിൽ സംഖ്യ | 60 |
| 18. | 328-ൽ എത്ര പത്തുകളുണ്ട് | 35 |
| 19. | ഒരു ത്രികോണത്തിന്റെ രണ്ടു കോണുകൾ $45^0$ വീതം ആണെങ്കിൽ മൂന്നാമത്തെ കോൺ എത്ര ഡിഗ്രിയാകും. | 20 |
| 20. | 1:5 അംശബന്ധത്തിൽ സിമന്റും മണലും കൂട്ടണമെങ്കിൽ 4 ചട്ടി സിമന്റിന് എത്ര ചട്ടി മണൽ വേണം. | 90 |

IV ഉത്തരമെഴുതുക 6×4 = 24

21. ജാനു കടയിൽനിന്നും 785 രൂപയുടെയും 316 രൂപയുടെയും സാധനങ്ങൾ വാങ്ങി. കൈയിൽ 2000 രൂപ ഉണ്ടായിരുന്നു. കടയിൽ കൊടുക്കേണ്ടത് എത്ര? ബാക്കി എത്ര രൂപ കൈയിലുണ്ടാകും?

22. ഒരു സമചതുര ടാങ്കിന്റെ വശങ്ങളുടെ നീളം ഒരു മീറ്റർ ആണ്. ഇതിന്റെ എല്ലാ വശങ്ങളുടെയും അളവ് ഇരട്ടിയാക്കിയാൽ വ്യാപ്തം എത്രമടങ്ങാകും?

23. 24 ന്റെയും 32 ന്റെയും ഘടകങ്ങൾ എഴുതുക. ഏറ്റവും വലിയ പൊതുഘടകവും ഏറ്റവും ചെറിയ പൊതുഗുണിതവും കണ്ടുപിടിക്കുക.

24. 8 കിലോഗ്രാം അരി 3 പേർക്ക് തുല്യമായി വീതിച്ചാൽ ഒരാൾക്ക് എത്ര കിലോഗ്രാം അരി കിട്ടും? എത്ര കിലോഗ്രാം അരികൂടിയുണ്ടെങ്കിൽ ഓരോരുത്തർക്കും 3 കിലോഗ്രാം വീതം അരി ലഭിക്കും?

25. ഒരു പാത്രത്തിൽ $3\frac{3}{4}$ ലിറ്റർ വെളിച്ചെണ്ണയും മറ്റൊരു പാത്രത്തിൽ $6\frac{1}{2}$ ലിറ്റർ വെളിച്ചെണ്ണയുമുണ്ട്. രണ്ടും കൂടി ഒരു പാത്രത്തിലൊഴിച്ചാൽ എത്ര വെളിച്ചെണ്ണയുണ്ടാകും. രണ്ടു പാത്രങ്ങളിലെയും എണ്ണയുടെ വ്യത്യാസമെത്രയാണ്?

26. ക്രിയ ചെയ്യുക

എ) $2^6 \times 2^7 =$ ബി) $-1+7=$ സി) $-2-5=$ ഡി) $1000-875=$

V വഴി എഴുതി ഉത്തരം കണ്ടുപിടിക്കുക. 6×6 = 36

27. ഖാദി സ്റ്റോറിൽ കോട്ടൺ തുണികൾക്ക് 30% വും സിൽക്ക് തുണികൾക്ക് 20% വും കിഴിവ് നൽകുന്നു. മീറ്ററിന് 200 രൂപ വിലയുള്ള 5 മീറ്റർ കോട്ടൺതുണിയും മീറ്ററിന് 1500 രൂപ വിലയുള്ള 3 മീറ്റർ സിൽക്ക് തുണിയും വാങ്ങുവാൻ കിഴിവ് കഴിഞ്ഞ് എത്ര രൂപ കൊടുക്കണം?

28. $AB = 6$ സെന്റിമീറ്റർ, $\angle A = \angle B = 70^0$ എന്നീ അളവുകളിൽ ത്രികോണം ABC നിർമ്മിക്കുക.

29. ഒരു മേശയ്ക്ക് നീളവും വീതിയും ഒരു മീറ്ററാണ്. നാലുവശത്തും 25 സെന്റിമീറ്റർ അധികം വരുന്നവിധം മേശവിരിപ്പിടണമെങ്കിൽ വിരിപ്പിന്റെ വശങ്ങളുടെ നീളം എത്രയാകും? വിരിപ്പിന്റെ പരപ്പളവ് എത്രയാകും?

30. പാലം കോൺക്രീറ്റ് ചെയ്യുന്നതിന് 1.15 മീറ്റർ നീളമുള്ള 16 കമ്പികളും 3.75 മീറ്റർ നീളമുള്ള 4 കമ്പികളും വേണമെങ്കിൽ ആകെ എത്ര മീറ്റർ കമ്പി വേണം? 1 മീറ്റർ കമ്പിക്ക് 5.75 കിലോഗ്രാം ഭാരമുണ്ടെങ്കിൽ പണിക്കാവശ്യമായ കമ്പിക്ക് എത്ര ഭാരമുണ്ടാകും?

31. ഹരിത കുടുംബശ്രീയിലെ ഓരോ കുടുംബത്തിന്റെയും ദിവസവരുമാനം രേഖപ്പെടുത്തിയ പട്ടിക യനുസരിച്ച് ആവൃത്തിച്ചതുരം വരയ്ക്കുക.

| | | | | | |
|---|---|---|---|---|---|
| വരുമാനം | 500 – 550 | 550 – 600 | 600 – 650 | 650 – 700 | 700 – 750 |
| കുടുംബങ്ങളുടെ എണ്ണം | 5 | 7 | 12 | 18 | 8 |

32. ഒരേ വിലയുള്ള രണ്ടു യന്ത്രങ്ങളിൽ ഒന്നാമത്തേത് 8 മണിക്കൂറിൽ 432 കിലോഗ്രാമും രണ്ടാമത്തെ യന്ത്രം 12 മണിക്കൂറിൽ 672 കിലോഗ്രാമും എണ്ണയാട്ടും. ഓരോ യന്ത്രവും 1 മണിക്കൂറിൽ ശരാശരി എത്ര എണ്ണയാട്ടും? ഏത് യന്ത്രമാണ് കൂടുതൽ ലാഭകരം?